**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 161** **01-09-2022 - ൽ മറുപടിയ്ക്ക്**

**ലഹരി ഉപയോഗം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. സജീവ് ജോസഫ് | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കഞ്ചാവും മറ്റ് ലഹരി വസ്തുക്കളും ഉപയോഗിക്കുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് പിടിച്ചെടുക്കപ്പെടുന്ന കഞ്ചാവിന്റെയും മറ്റ് ലഹരി വസ്തുക്കളുടെയും അളവ് വർദ്ധിച്ചിട്ടുണ്ട്. അതിൽ നിന്നും ഉപയോഗം കൂടുന്നതായാണ് അനുമാനിക്കേണ്ടത്. |
| (ബി) | കഞ്ചാവ് കൈവശം വയ്ക്കുകയും വില്പന നടത്തുകയും ചെയ്യുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിന് നിയമനിർമാണം നടത്താനും നിലവിലെ ആക്ടുകളിലെ ഭേദഗതിക്കായി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്താനും നടപടി സ്വീകരിക്കുമോ; | (ബി) | എൻ.ഡി.പി.എസ്. നിയമപ്രകാരം 'Small Quantity' അളവിലുള്ള മയക്കുമരുന്ന് കൈവശം വയ്ക്കുന്നതും കൈകാര്യം ചെയ്യുന്നതും ജാമ്യം ലഭിക്കാവുന്ന കുറ്റകൃത്യമാണ്. മേൽ നിയമ പ്രകാരം ഒരു കിലോഗ്രാം വരെയുള്ള കഞ്ചാവ് Small Quantity വിഭാഗത്തിലാണ് ഉൾപ്പെടുന്നത്. അതിനാൽ 'Small Quantity' അളവുകൾ പുതുക്കി നിശ്ചയിക്കുന്നതിനായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിലേയ്ക്ക് ശുപാർശ നൽകിയിട്ടുണ്ട്. |
| (സി) | സ്കൂൾ വിദ്യാർത്ഥികളും യുവാക്കളും ലഹരിമരുന്നിന് അടിമപ്പെടുന്നത് നിരുത്സാഹപ്പെടുത്താൻ ഏതെല്ലാം രീതിയിലുള്ള ബോധവത്കരണ പരിപാടികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെ കുറിച്ചുള്ള ശരിയായ അറിവ് കുട്ടികൾക്ക് നൽകുന്നതിനും, ലഹരിയിൽ നിന്നും സ്വയം സംരക്ഷണം തീർക്കുന്ന അവസ്ഥ അവരിൽ വളർത്തിയെടുക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ വിമുക്തി മിഷൻ മുഖേന നടപ്പിലാക്കി വരുന്നു. ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കായി വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. ടി ക്ലബ്ബുകൾ, പി.റ്റി.എ., സ്കൂൾ മോണിറ്ററിംഗ് കമ്മിറ്റി എന്നിവയുടെ സഹകരണത്തോടെ എക്സൈസ് ഉദ്യോഗസ്ഥർ നേരിട്ടും മറ്റ് സന്നദ്ധപ്രവർത്തകരുടെ സേവനം പ്രയോജനപ്പെടുത്തിയും ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ച് വരുന്നു. ലഹരി വിരുദ്ധ ക്ലബ്ബുകൾ വഴി ബോധവൽക്കരണ ക്ലാസ്സുകൾ കൂടാതെ വിദ്യാർത്ഥികളിൽ ലഹരിക്കെതിരെ ചിന്ത ഉണർത്തുന്ന വിവിധ മത്സരങ്ങളും മറ്റ് പരിപാടികളും സംഘടിപ്പിച്ച് |

| | | | |
|---|---|---|---|
| | | | വരുന്നു. സ്കൂളുകളിൽ അധ്യാപകരുടെ സഹായത്തോടെ വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം ആരംഭത്തിലെ തിരിച്ചറിഞ്ഞ് കൗൺസിലിംഗ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്.<br><br>ആരോഗ്യ സർവ്വകലാശാലയ്ക്ക് കീഴിലെ കോളേജ് ക്യാമ്പസ്സുകളിൽ വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം ഇല്ലാതാക്കുന്നതിന് കോളേജ് ക്യാമ്പസ്സുകളിൽ 'നേർക്കൂട്ടം' എന്ന പേരിൽ ഒരു കമ്മിറ്റിയും, കോളേജ് ഹോസ്റ്റലുകളിൽ 'ശ്രദ്ധ' എന്ന പേരിൽ ഒരു കമ്മിറ്റിയും രൂപീകരിച്ചു പ്രവർത്തിച്ചു വരുന്നു. ടി കമ്മിറ്റികൾ ടെക്നിക്കൽ യൂണിവേഴ്സിറ്റിക്ക് കീഴിലുള്ള കോളേജുകളിലും, ആർട്സ് & സയൻസ് കോളേജുകളിലും രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>ലഹരിയുടെ ദൂഷ്യവശങ്ങൾ സംബന്ധിച്ച അവബോധം വിദ്യാർത്ഥികൾക്ക് നൽകുന്നതിന് "കവചം" എന്ന പേരിൽ ഒരു കൈപ്പുസ്തകം വിമുക്തി മിഷൻ തയ്യാറാക്കിയിട്ടുണ്ട്. അതുപോലെ വിദ്യാർത്ഥികൾ ലഹരിയുടെ പിടിയിൽ അകപ്പെടാതെ സംരക്ഷിക്കുന്നതിന് അധ്യാപകരും രക്ഷാകർത്താക്കളും ശ്രദ്ധിക്കേണ്ട കാര്യങ്ങളും, ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നവരെ അതിൽ നിന്ന് പിൻതിരിപ്പിക്കാനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയും "കരുതൽ" എന്ന പേരിൽ ഒരു കൈപ്പുസ്തകവും വിമുക്തി മിഷൻ തയ്യാറാക്കി വിതരണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ